**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5151** **21-03-2025 - ൽ മറുപടിയ്ക്ക്**

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 (4) പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി ചുവടെ ചേർക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>i) പ്രാദേശികതല നിരീക്ഷണ സമിതിയ്ക്ക് അധികാരികതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റേയും തണ്ണീർത്തടത്തിന്റേയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര - സംസ്ഥാന ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായത്തോടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുകയും സർവ്വേ നമ്പറും വിസ്തൃതിയും രേഖപ്പെടുത്തിയിട്ടുള്ള ഡാറ്റാ ബാങ്ക് അതതു പഞ്ചായത്ത്/ മുൻസിപ്പാലിറ്റി / കോർപ്പറേഷൻ മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ചശേഷം അത് പൊതുജനങ്ങളുടെ അറിവിലേയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ ഓഫീസിലും, വില്ലേജ് ഓഫീസിലും / ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക.<br><br>ii) സമിതി നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം നടപടിയുണ്ടാകാതെ ഏതെങ്കിലും വയൽ തരിശ് ഇട്ടിരിക്കുന്നുവെങ്കിൽ 16-ാം വകുപ്പ് പ്രകാരം പകരം സംവിധാനം ഏർപ്പെടുത്തുക.<br><br>iii) സമിതിയ്ക്ക് അധികാരികതയുള്ള പ്രദേശത്തെ നെൽവയലുകൾ/ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്ക്, വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക. |

| | | | |
|---|---|---|---|
| | | | iv) കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റു ചുമതലകൾ നിർവഹിക്കുക. |
| (ബി) | ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ തരംമാറ്റത്തിന് പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ ആവശ്യമുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാതല അധികൃത സമിതിയ്ക്ക് പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ നൽകേണ്ടതുണ്ട്. കൂടാതെ ഈ നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി പൊതുആവശ്യത്തിലേയ്ക്കായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനായി സംസ്ഥാനതല സമിതിയ്ക്കും പ്രാദേശികതല നിരീക്ഷണ സമിതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. |
| (സി) | പ്രാദേശികതല നിരീക്ഷണ സമിതികൾ സമയബന്ധിതമായി യോഗം ചേരണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ ആയതുപ്രകാരം യോഗം ചേരാത്ത എത്ര സമിതികളുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഇല്ല. ആവശ്യാനുസരണം യോഗം ചേരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ